പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1314

30.9.2011-ൽ മറുപടിയ്ക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്രാവിഷ്കൃതപദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) ഗ്രാമ വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃതപദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങളും/ നടപടികളും താഴെപ്പറയുന്നവയാണ്.<br><br>1. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ കേരളത്തിന്റെ സാഹചര്യങ്ങളുമായി യോജിക്കാത്ത വ്യവസ്ഥകളിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്.<br><br>2. വിവിധ കേന്ദ്രാവിഷ്കൃതപദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു സമിതി രൂപീകരിച്ചിരുന്നു. സമിതിയുടെ ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിനു വകുപ്പുതല സംയോജനസാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ തയ്യാറാകുമോ; | (ബി) | പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് വകുപ്പുതല സംയോജനം ആവശ്യമായ മേഖലകളിൽ ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതാണ്. |
| (സി) | വിജയകരമായ പദ്ധതി നടത്തിപ്പിന് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; | സി | പദ്ധതി നടത്തിപ്പിന് സാങ്കേതിക സഹായങ്ങൾ നൽകുതിന് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരെ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു. നീർത്തടാധിഷ്ഠിത പദ്ധതികളുടെ നടത്തിപ്പിന് ത്രിതല പഞ്ചായത്തുകൾക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിന് സംസ്ഥാനതലത്തിൽ വിദഗ്ദ്ധരുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| & | | & | |
| (ഡി) | ആർക്കൊക്കെയാണ് സഹായങ്ങൾ നൽകാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ? | ഡി | ഗ്രാമ വികസനവകുപ്പ് വഴി നടപ്പിലാക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ടത് ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളായതിനാൽ ഈ പദ്ധതികളുടെ പ്രയോജനം ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കാണ് ലഭ്യമാക്കുക. തൊഴിൽദാന പരിപാടികളിൽ തൊഴിൽ ആവശ്യപ്പെടുന്ന മുഴുവൻ ഗ്രാമീണ ജനതയ്ക്കും തൊഴിൽ ലഭ്യമാക്കുന്നതാണ്. |

Sd/-

**സെക്ഷൻ ഓഫീസർ**